# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3415 | 12.12.2014-ൽ മറുപടിക്ക്

## രാജാജി നഗറിലെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ് ശർമ്മ<br>" ബി സത്യൻ<br>" കോലിയക്കോട് എൻ കൃഷ്ണൻനായർ<br>" സി. രവീന്ദ്രനാഥ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | തലസ്ഥാന നഗരിയിൽ ഹൃദയഭാഗത്തുള്ള രാജാജി നഗറിൽ സർക്കാർ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് എന്നറിയിക്കാമോ; | (എ) | രാജാജി നഗറിന്റെ സമഗ്രവികസനത്തിനായി ആയിരത്തോളം ഫ്ളാറ്റുകളും, വാണിജ്യ സമുച്ചയവും ഉൾപ്പെടുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഇതിന്റെ ഫലമായി പ്രദേശവാസികളെ കുടിയൊഴിപ്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള കാലപ്പഴക്കം ചെന്ന ഫ്ളാറ്റുകൾ പൊളിച്ചുമാറ്റി പുതിയവ നിർമ്മിക്കുന്നതിന് പ്രദേശവാസികളെ മാറ്റിപാർപ്പിക്കേണ്ടതുണ്ട്. |
| സി) | രാജാജി നഗറിന്റെ വികസനത്തിന് നിലവിലുള്ള സ്ഥലം പര്യാപ്തമാണോ; | സി) | അതെ. |
| ഡി) | നിലവിലുള്ള സ്ഥലം മറ്റാവശ്യങ്ങൾക്കായി റിയൽ എസ്റ്റേറ്റ് മാഫിയക്ക് മിറച്ച് നൽകുന്നത് ആശാസ്യമാണോ; ഇത് സംബന്ധിച്ച് സർക്കാർ നിലപാട് അറിയിക്കുമോ? | ഡി) | ഈ സ്ഥലം റിയൽ എസ്റ്റേറ്റ് മാഫിയക്ക് മറിച്ചു നൽകുന്നില്ല. ഫ്ളാറ്റ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള അർബൻ ഹൗസിംഗ് മിഷനും വാണിജ്യസമുച്ചയം നിർമ്മിക്കുന്നതിനുള്ള സ്ഥലം പൊതുമേഖലാസ്ഥാപനമായ കെ.യു.ആർ.ഡി.എഫ്.സി-ക്കും കൈമാറുവാനാണ് ഉദ്ദേശിക്കുന്നത്. ഫ്ളാറ്റ് നിർമ്മിക്കുന്നതിന് വേണ്ടി വരുന്ന സ്ഥലത്തിന്റെ ബാക്കി വരുന്ന സ്ഥലത്ത് വാണിജ്യസമുച്ചയം നിർമ്മിച്ച് അതിൽ നിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ച് ഫ്ളാറ്റിന്റെ നിർമ്മാണത്തിനു ചെലവാകുന്ന തുക തിരികെ അടക്കുവാനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ